പത്രക്കുറിപ്പ്

22-302018

## നീതം-2018 ജെൻഡർ കാമ്പെയ്ൻ:
## അതിക്രമങ്ങൾ സംബന്ധിച്ച വിവര ശേഖരണം
## പുതുതലമുറയിലെ പെൺകുട്ടികൾക്കിടയിൽ കൂടി നടത്തണം

തിരുവനന്തപുരം: കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ അയൽക്കൂട്ടതലത്തിൽ സംഘടിപ്പിച്ച നീതം-2018 കാമ്പെയ്നോടനുബന്ധിച്ച് നടത്തിയ സർവേയിലൂടെ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുതുതലമുറയിലെ പെൺകുട്ടികൾക്കിടയിലും അതിക്രമങ്ങൾ സംബന്ധിച്ച വിവരശേഖരണം നടത്തണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ പറഞ്ഞു. നീതം കാമ്പെയ്ൻ സംസ്ഥാനതല സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുപ്പത്തിയെട്ടു ലക്ഷത്തിലേറെ കുടുംബശ്രീ അംഗങ്ങൾ നീതം കാമ്പെയ്നുമായി ബന്ധപ്പെട്ട സർവേയിൽ അവരുടെ അനുഭവങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ട്. ഇതിൽ  പേർക്കും ഏതെങ്കിലും തരത്തിലുള്ള മോശമായ പെരുമാറ്റങ്ങൾ നേരിടേണ്ടി വന്നവരാണ്. ഒരു പെൺകുട്ടിക്ക് സംരക്ഷണ കവചം തീർക്കേണ്ട ഉത്തരവാദിത്തമുള്ള കുടുംബത്തിലെ ആളുകൾതന്നെ അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് കാമ്പെയ്ൻ വഴിയുള്ള വിവരശേഖരണ റിപ്പോർട്ടു സൂചിപ്പിക്കുന്നു. മതവിശ്വാസങ്ങൾക്കു പ്രാമുഖ്യമുണ്ടായിട്ടും അതിന്റെ ധാർമികമായ ഗുണഫലങ്ങൾ സമൂഹത്തിലെ സ്ത്രീകൾക്ക് ലഭിക്കുന്നില്ല. കുടുംബത്തിൽ പുലർത്തേണ്ട ധാർമിക മൂല്യങ്ങൾ നഷ്ടപ്പെട്ടു എന്നതിന്റെ തെളിവാണ് നീതം കാമ്പെയ്നിലൂടെ കണ്ടെത്തിയിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനായി വളരെ ശക്തമായ ഇടപെടൽ നടത്തേണ്ടിയിരിക്കുന്നു. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കൗൺസിലിങ്ങിൽ വളരെ ശ്രദ്ധ കേന്ദ്രീകരിക്കണം. ഒരു പഞ്ചായത്തിൽ ഒന്നു വീതം കൗൺസലിങ്ങ് സെന്ററുകൾ ആരംഭിച്ചാൽ സ്കൂൾ വിദ്യാർത്ഥിനികളുടെ പ്രശ്നങ്ങൾ അറിയാനും അതിന് പ്രതിവിധിയൊരുക്കാനും സാധിക്കും. അങ്ങനെ അതിക്രമങ്ങൾക്കെതിരേ ശക്തമായ സംവിധാനം കൊണ്ടുവരുന്നതിലൂടെ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവരിൽ ഭയം സൃഷ്ടിക്കാൻ കഴിയും. ഭയപ്പെടുത്തിക്കൊണ്ടല്ലാതെ ഇത്തരക്കാരെ പിന്തിരിപ്പിക്കാൻ കഴിയില്ല. തങ്ങൾ ചെയ്യുന്ന അധാർമികമായ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കപ്പെടുന്നു എന്നു മനസിലാക്കുന്നതോടെ ഇത്തരക്കാർ പിന്തിരിയും. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾ തടയുന്നതിനായി പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ വിവിധ പ്രവർത്തനങ്ങൾ ആസുത്രണം ചെയ്തു നടപ്പാക്കും. തങ്ങൾക്കു നേരിട്ട അതിക്രമങ്ങൾ തുറന്നു പറയാൻ അയൽക്കൂട്ട സഹോദരിമാർ മുന്നോട്ടു വരാൻ തയ്യാറായത് നീതം കാമ്പെയ്ന്റെ വിജയമാണ്.

ഇനി അടുത്തതായി കുടുംബശ്രീയുടെ സഹായത്താൽ സാമൂഹ്യവും സാമ്പത്തികവുമായി ഉയർന്നു വന്നവർ, പട്ടിണി കൂടാതെ കഴിയുന്നവർ, ഉപജീവന മാർഗം കണ്ടെത്താൻ പ്രാപ്തി ലഭിച്ചവർ എന്നിവരെ കുറിച്ചുള്ള കൃത്യമായ കണക്കും ശേഖരിക്കണം. ഈ കണക്കുകളായിരിക്കും ഇനി കുടുംബശ്രീയെ മുന്നോട്ടു കൊണ്ടു പോവുക എന്നും മന്ത്രി പറഞ്ഞു. കാമ്പെയ്നുമായി ബന്ധപ്പെട്ട സംസ്ഥാനതല റിപ്പോർട്ടിന്റെ പ്രകാശനവും അദ്ദേഹം  നിർവഹിച്ചു.

ജെൻഡർ കാമ്പെയ്നിലൂടെ സ്ത്രീശാക്തീകരണ ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന വലിയ ലക്ഷ്യമാണ് കുടുംബശ്രീക്കുള്ളതെന്ന് ചടങ്ങിൽ സ്വാഗത പ്രസംഗം നടത്തിയ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ പറഞ്ഞു. ഈ മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി കേരളത്തെ മാറ്റിയെടുക്കാനുള്ള ഒരു വലിയ ഉത്തരവാദിത്വം കൂടി കുടുംബശ്രീക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. നീതം കാമ്പെയ്നുമായി ബന്ധപ്പെട്ട ജില്ലാതല റിപ്പോർട്ടുകളുടെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു.

ജില്ലാതല ഗ്രൂപ്പ് ചർച്ചയ്ക്ക് പ്രോഗ്രാം ഓഫീസർ പ്രമോദ്.കെ.വി നേതൃത്വം നൽകി. ആസൂത്രണ ബോർഡ് അംഗം മൃദുൽ ഈപ്പൻ, ജെൻഡർ അഡ്വൈസർ ടി.കെ.ആനന്ദി, കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗം ബേബി ബാലകൃഷ്ണൻ, സേവ പ്രസിഡന്റ് സോണിയ ജോർജ് എന്നിവർ ആശംസാ പ്രസംഗം നടത്തി. ജെൻഡർ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ സോയ തോമസ് നന്ദി പറഞ്ഞു. തുടർന്ന് വയനാട് ജില്ലയിലെ കുടുംബശ്രീ പ്രവർത്തകർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ